**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **14-02-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും സംയുക്തമായി ആരംഭിച്ച സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ സംരംഭമാണ് സ്റ്റാർട്ടപ്പ് സിറ്റി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ സഹായം നൽകുന്നതിനാണ് ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി. ഇതിനാവശ്യമായ സഹായം നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായി കരാർ ഒപ്പുവെച്ചാണ് സ്റ്റാർട്ടപ്പ് സിറ്റി ആവിഷ്കരിച്ചിട്ടുള്ളത്.** |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | **07.02.2024 വരെ 244 അപേക്ഷകൾ പട്ടികജാതി വിഭാഗത്തിൽ നിന്നും, 64 അപേക്ഷകൾ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.** |
| (സി) | ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | **എൻജിനീയറിംഗ്, ഐ.റ്റി. അധിഷ്ഠിത സാങ്കേതിക വിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, മാർക്കറ്റിങ്ങ്, കാർഷികം, നിർമ്മാണം തുടങ്ങിയവ ഉൾപ്പെടെ എല്ലാ മേഖലകളിൽ പരിജ്ഞാനവും താല്പര്യവുമുള്ള യുവതീയുവാക്കൾക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകവാൻ ഉദ്ദേശിക്കുന്നത്.** |
| (ഡി) | പ്രസ്തുത സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് എന്തെല്ലാം സാമ്പത്തിക, സാങ്കേതിക | (ഡി) | **ഈ പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/സ്വാശ്രയ സംഘങ്ങൾ** |

| | | | |
|---|---|---|---|
| | സഹായങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | **ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സാമ്പത്തിക സഹായം, വായ്പ, സബ്സിഡി, ഗ്രാന്റ് എന്നിവ നൽകുക, സാങ്കേതിക വിദ്യയിലും നിർമ്മാണ രംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലനവും നൽകുക എന്നിവ സ്റ്റാർട്ടപ്പ് സിറ്റി മുഖേന ലഭ്യമാകുന്നതാണ്.**<br><br>**പദ്ധതി നടപ്പാക്കാനാവശ്യമായ തുകയിൽ 80% തുക പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നതാണ്. 20% തുക പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നോ ബാങ്കിൽ നിന്നോ വായ്പയായും ലഭ്യമാക്കുന്നതാണ്.**<br><br>**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലൈസൻസുകൾ, ഗ്രാന്റുകൾ എന്നിവയും, തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം, വിദഗ്ദ്ധോപദേശം, വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥല സൗകര്യം എന്നിവയും നൽകുന്നു.** |

സെക്ഷൻ ഓഫീസർ